# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.602 07.01.2014-ൽ മറുപടിക്ക്

ചോദ്യം

ഉത്തരം

ഡോ.കെ.ടി.ജലീൽ

ശ്രീ.കെ.എം.മാണി
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

### കമ്മോഡിറ്റീസ് ആന്റ് സർവ്വീസസ് നികുതി ഇനത്തിൽ ലഭിച്ചിട്ടുള്ള വരവ്

| | | |
|---|---|---|
| (എ) | നടപ്പു സാമ്പത്തിക വർഷം കമ്മോഡിറ്റീസ് ആന്റ് സർവ്വീസസ് നികുതി ഇനത്തിൽ പ്രതീക്ഷിച്ച വരവ് എത്ര തുകയായിരുന്നു; | നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം കമ്മോഡിറ്റീസ് ആന്റ് സർവ്വീസസ് നികുതി ഇനത്തിൽ നിന്നും പ്രതീക്ഷിച്ച ആകെ വരുമാനം 34317.03 കോടി രൂപയാണ്. |
| (ബി) | നിത്യോപയോഗ സാധനങ്ങൾക്കെല്ലാം വില വർദ്ധിച്ച സാഹചര്യത്തിൽ നികുതി ഇനത്തിൽ ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിലും എത്ര ശതമാനം വരവുണ്ടാകണമായിരുന്നു; | വില വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും പൊതുവിൽ നിലനിൽക്കുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി മൊത്തം ഉപഭോഗത്തിലുണ്ടായ കുറവു കാരണം വിലവർദ്ധനവിനു ആനുപാതികമായുള്ള വരുമാന വർദ്ധനവ് ഉണ്ടായിട്ടില്ല. നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം, സംസ്ഥാന നികുതി വരുമാനത്തിൽ 38771.10 കോടി രൂപയാണ് പ്രതീക്ഷിച്ചത്. പ്രാഥമിക കണക്കുകൾ പ്രകാരം 31.10.2013 വരെ സംസ്ഥാന നികുതി ഇനത്തിൽ ലഭിച്ച ആകെ വരുമാനം 17936.78 കോടി രൂപയാണ്. ഇത് ബഡ്ജറ്റ് എസ്റ്റിമേറ്റുപ്രകാരം ലക്ഷ്യമിട്ട വരുമാനത്തിന്റെ 46.26 ശതമാനമാണ്. |
| (സി) | ഇതേവരെയുള്ള വരവിന്റെ അടിസ്ഥാനത്തിൽ പ്രതീക്ഷിച്ചതിന്റെ എത്ര ശതമാനം വരവുണ്ടായിട്ടുണ്ട്; വരുമാനം വിശദമാക്കാമോ; | |
| (ഡി) | നടപ്പു സാമ്പത്തിക വർഷം, മുൻ വർഷാനുഭവങ്ങളുടെയടിസ്ഥാനത്തിൽ ഓരോ മാസവും കമോഡിറ്റീസ് ആന്റ് സർവ്വീസസ് ടാക്സ് പ്രതീക്ഷിച്ചത് എത്ര; ഇതിനകം പിന്നിട്ട ഓരോ മാസങ്ങളിലും അത് എത്ര ലഭിച്ചു; കുറവുണ്ടായിട്ടുണ്ടെങ്കിൽ എത്ര ശതമാനം | നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം കമ്മോഡിറ്റീസ് ആന്റ് സർവ്വീസസ് നികുതി ഇനത്തിൽ നിന്നും പ്രതീക്ഷിച്ച ആകെ വരുമാനം 34317.03 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ |

| | | |
|---|---|---|
| | വീതം; വിശദമാക്കുമോ? | പ്രകാരം 2013 ഒക്ടോബർ വരെയുള്ള മാസങ്ങളിൽ ഓരോ ഇനത്തിൽ നിന്നും ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. 2013 ഒക്ടോബർ വരെ ഈ ഇനത്തിൽ ലഭിച്ച ആകെ വരുമാനം മുൻ സാമ്പത്തിക വർഷം സമാന കാലയളവിൽ ലഭിച്ചതിനേക്കാൾ 10.68 ശതമാനം കൂടതലാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ഇനങ്ങൾ | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2013-14 | ഏപ്രിൽ 2013 | മേയ് 2013 | ജൂൺ 2013 | ജൂലായ് 2013 | ആഗസ്റ്റ് 2013 | സെപ്റ്റംബർ 2013 | ഒക്ടോബർ 2013 | ആകെ | 2012 ഒക്ടോബറുമായുള്ള വളർച്ചാ നിരക്ക് |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | *തുക കോടിയിൽ* | |
| വിൽപ്പന നികുതി | 28456.62 | 1680.43 | 2091.47 | 2050.13 | 2023.18 | 1821.93 | 1912.97 | 2340.28 | 13920.40 | 11.47% |
| സംസ്ഥാന എക്സൈസ് | 2801.75 | 132.42 | 242.96 | 120.48 | 128.43 | 215.27 | 146.67 | 153.61 | 1139.85 | -1.49% |
| വാഹന നികുതി | 2570.65 | 173.16 | 170.73 | 147.01 | 173.52 | 162.93 | 179.38 | 206.89 | 1213.62 | 13.33% |
| വിദ്യുത്ച്ഛക്തിയിന്മേലുള്ള നികുതികളും തീരുവകളും | 284.15 | 2.45 | 2.34 | 3.15 | 3.05 | 3.83 | 2.80 | 3.77 | 21.38 | 61.72% |
| ക്രയവസ്തുക്കളെയും സേവനങ്ങളെയും സംബന്ധിക്കുന്ന മറ്റ് നികുതികളും തീരുവകളും | 203.86 | 13.60 | 12.57 | 12.89 | 11.73 | 9.93 | 13.33 | 13.12 | 87.16 | 19.45% |
| ആകെ | 34317.03 | 2002.06 | 2520.07 | 2333.66 | 2339.91 | 2213.89 | 2255.15 | 2717.67 | 16382.41 | 10.68% |

സെക്ഷൻ ഓഫീസർ